ഓർഡിനറി-1 എന്നീ വിഭാഗങ്ങളിലായാണ് പുതിയ ബസ്സുകൾ അനുവദിച്ചിട്ടുള്ളത്.

(സി) 9 സർവ്വീസുകൾ

1. 06.30 പ്ലാത്തല-ചിന്നക്കട-ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. പ്ലാത്തല രാഘവന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ. ശരാശരി പ്രതിദിന വരുമാനം-10,000 രൂപ

2. 06.05 കൊട്ടാരക്കര-കമിളി-സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസ് ഏറ്റെടുത്തത്. വരുമാനം-12,000 രൂപ

3. കൊട്ടാരക്കര-പാരിപ്പള്ളി ചെയിൻ സർവ്വീസ് 5 എണ്ണം-കൊട്ടാരക്കര എം.എൽ.എ, മാവേലിക്കര എം.പി., പ്രദേശത്തെ സന്നദ്ധ സംഘടനകൾ എന്നിവരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം- 8,000 രൂപ വീതം.

4. 06.18 ചിന്നക്കട-കൊല്ലം മേഖലാ അധികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം-10,000 രൂപ

5. 06.05 കളത്തുപ്പുഴ-പുനലൂർ എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ. ശരാശരി വരുമാനം-9,000 രൂപ.

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ

317(3139) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ആകെ എത്ര ബസ്സ് സർവ്വീസുകളാണുള്ളതെന്നും അവ ഓരോന്നിനും 2015 ജനുവരി മുതലുള്ള മാസങ്ങളിലെ ശരാശരി കളക്ഷൻ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിൽ 2014 ഒക്ടോബർ ഒന്നിനുശേഷം ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണെന്നും ഇവ ആരംഭിച്ചത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കാലയളവിൽ സർവ്വീസ് നിർത്തലാക്കിയ റൂട്ടുകൾ ഏതെല്ലാമാണെന്നും നിർത്തലാക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ;

(ഡി) സബ് ഡിപ്പോ നിലവിൽ വന്നതുമുതൽ എം.എൽ.എ. ആവശ്യപ്പെട്ട റൂട്ടുകളിൽ ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദീകരിക്കാമോ ;

(ഇ) എം.എൽ.എ. ആവശ്യപ്പെട്ട റൂട്ടുകളിൽ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 55 സർവ്വീസുകൾ. വരുമാനവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.**

(ബി) 2014 ഒക്ടോബർ ഒന്നിനുശേഷം രണ്ട് സൂപ്പർ ക്ലാസ് സർവ്വീസുകളും 2 ജൻറം സർവ്വീസുകളും കാഞ്ഞങ്ങാട് നിന്നും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സൂപ്പർക്ലാസ് പെർമിറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 06.00 മണി കാഞ്ഞങ്ങാട്-കോഴിക്കോട്(വെള്ളരിക്കുണ്ട് വഴി) 09.20 കാഞ്ഞങ്ങാട്-കോഴിക്കോട് എയർപോർട്ട് എന്നീ സർവ്വീസുകൾ ആരംഭിച്ചത്. ജൻറം സർവ്വീസുകൾ നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആരംഭിച്ചിട്ടുള്ളത്.

(സി) 2014 ഒക്ടോബർ ഒന്നിനുശേഷം ഒരു ഷെഡ്യൂളും പൂർണ്ണമായി നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവുകാരണം 07.50 കാഞ്ഞങ്ങാട്-കാസർഗോഡ്, 07.00 മണി കാഞ്ഞങ്ങാട്-എളേരി എന്നീ സർവ്വീസുകൾ മുടർച്ചയായി ഓപ്പറേറ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ഡി) ഉണ്ട്. 14.10 കാഞ്ഞങ്ങാട്-കാഞ്ഞിരപൊയിൽ, 05.45 മുണ്ടോട്ട്-കാലിച്ചാനടുക്കം, 07.20 ചാളക്കടവ് എന്നീ സർവ്വീസുകൾ എം.എൽ.എ. ആവശ്യപ്പെട്ടതിൻ പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്.

(ഇ) സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ പയ്യന്നൂരിൽനിന്നും നടത്തിയിരുന്ന 14.35 കാലിച്ചാനടുക്കം സർവ്വീസ് കാഞ്ഞങ്ങാട് ഡിപ്പോ ആരംഭിച്ചപ്പോൾ ഷെഡ്യൂളുകൾ കാഞ്ഞങ്ങാട്ടേക്ക് മാറ്റിയപ്പോൾ നിന്നുപോകുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടി സർവ്വീസ് ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. വാക്കാൽ ആവശ്യ പ്പെട്ടകയുണ്ടായി. എന്നാൽ ബസ്സിന്റെ കുറവ് കാരണം ടി സർവ്വീസ് ഇതുവരെയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

കിളിമാനൂർ ഡിപ്പോയിൽനിന്നുള്ള ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

318 (3140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കിളിമാനൂർ ഡിപ്പോയിൽനിന്നും ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്ന എത്ര ബസ്സുകൾ ഉണ്ടെന്നും ഈ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും ഓരോ സർവ്വീസിന്റേയും സമയക്രമവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഈ ഡിപ്പോയിൽ നിന്നുള്ള ബസ്സുകളിൽ സമയവിവരം രേഖപ്പെട്ടുത്താറില്ലെന്നതും ബസ് സർവ്വീസുകൾക്ക് സമയ കൃത്യതയില്ലെന്നതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നടത്തുന്നതിന് കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. അവയുടെ റൂട്ടും സമയക്രമവും ചുവടെ ചേർക്കുന്നു :

1. 06.00 കിളിമാനൂർ-കൊട്ടാരക്കര-ചക്കുളത്തുകാവ്
2. 07.50 കിളിമാനൂർ-ചടയമംഗലം-കൊട്ടാരക്കര
3. 06.50 കിളിമാനൂർ-മുളക്കലത്തുകാവ്-പകൽക്കുറി
4. 06.50 കിളിമാനൂർ-മെഡിക്കൽകോളേജ്-തിരുവനന്തപുരം
5. 05.00 കിളിമാനൂർ-വെമ്പായം-തിരുവനന്തപുരം
6. 06.10 കിളിമാനൂർ-പുനലൂർ-പത്തനാപുരം

LIBRARY ARCHIVES Kerala Legislative Assembly